

# ഞാറ്





GHSS
MORAZHA

ജി. എച്ച്. എസ്. എസ്. മോറാഴ
2019 - 20



# കൊണാർക്കിലെ സൂര്യക്ഷേത്രത്തിന്റെ കവാടം



Scanned by CamScanner

**രാജീവൻ മാസ്റ്റർ**



**സ്റ്റാഫ് എഡിറ്റർ**

**ജമില.പി**

**സ്റ്റുഡന്റ് എഡിറ്റർ**

**ദേവാംഗന.ടി.പി.വി**

**സ്റ്റാഫ് റപ്രസന്റേറ്റീവ്**

**അജയകുമാർ .എം.വി**

**കവർചിത്രം**

**ശ്രീദർശക് എ വി**

## പ്രധാനാദ്ധ്യാപിക



**ജീജ ഞണ്ടമ്മാടൻ**

വിദ്യാർത്ഥികളിലെ സർഗ്ഗശേഷിയും കഴിവുകളും സൃഷ്ടിപരതയും പരിപോഷിപ്പിക്കുക എന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിൽ ഗവ.മൊറാഴ ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാരംഗം കലാസാഹിത്യ വേദിയുടെ നൂതന ആവിഷ്കാരത്തിൻെറ ഭാഗമായി Digitalise ചെയ്ത് മാഗസിൻ തയ്യാറാക്കുന്നതിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് വിജയിച്ചിരിക്കുന്നു എന്നതിൻെറ ഉത്തമ ഉത്പ്പന്നമാണ് 'തളിര്'. കുരുന്നു മനസ്സുകളിലെ കഴിവുകൾ വർണ്ണ ശബളമായ പുതുമയുള്ള വിഭവങ്ങളായി രൂപപ്പെട്ടിരിക്കുന്നു. മാഗസീനുവേണ്ടി അണിയറയിൽ പ്രവർത്തിച്ച് അതിനുവേണ്ട പ്രോത്സാഹനവും പ്രേരണയും നൽകിയവർക്കും പ്രതിഭകൾക്കും അനുമോദിച്ചുകൊണ്ട് എല്ലാ ആശംസകളും നേരുന്നു.

# മുഖക്കുറിപ്പ്

കുരുന്നുഭാവനകൾ ചിറകടിച്ച് പറക്കുന്നതാണ് ഈ മാഗസീൻ. സർഗ്ഗാത്മകതയുടെ ലോകത്ത് വിടരാൻ കൊതിക്കുന്ന ഈ ഇളം മൊട്ടുകൾ വഴിവിളക്കാവട്ടെ ഈ അക്ഷരവർണ്ണക്കൂട്ടുകൾ.

അജയകുമാർ എം വി

സ്റ്റാഫ് റപ്രസന്റേറ്റീവ്

# കവിതയുടെ കടലിരമ്പങ്ങൾ

ഭാവുകത്വത്തിൻെറയും കാവ്യബിംബങ്ങളുടെയും അമിതതീക്ഷ്ണതകൊണ്ട് സമകാലിക കാവ്യഭൂമികയെ വിസ്മയിപ്പിച്ച കവിയാണ് എ അയ്യപ്പൻ. സ്വന്തമായൊരു മുറിയില്ലാത്തവൻെറ ദീനവിലാപമായി ആ കവിത പലപ്പോഴും മാറുന്നു. വരാന്തയിലും സിമൻറുബെഞ്ചിലും കവിതപിറന്നു വീഴുന്നു. ഉറങ്ങുന്നവൻെറ സ്വാസ്ഥ്യം കെടുത്തുന്ന ഈ കവിതയെഴുത്ത് കവിയെ സംബന്ധിച്ചിടത്തോളം ഉന്മാദത്തിൻെറ ഒരു തീർത്ഥയാത്രയാണ്. അത് കാലം കവിക്ക് സമ്മാനിച്ച അഭയമാണ്. കവിത ഇവിടെ ഒരു വിശുദ്ധഭേഷജമായി മാറുന്നു.

വ്യവസ്ഥാപിതങ്ങൾ മിക്കപ്പോഴും നേരുകളെ അടയാളപ്പെടുത്തുന്നില്ല എന്ന് കവി വേദനിക്കുന്നു. ഇരയുടെ ധർമ്മസങ്കടങ്ങളോ നീതിക്കായുള്ള അവൻെറ ദാഹമോ അതിൻെറ തീവ്രമായ അർത്ഥത്തിൽ ഒരു കോടതിയിലും പരിഗണിക്കപ്പെടുന്നില്ല എന്ന് കവിക്ക് ഉറപ്പുണ്ട്. പ്രണയം അനുഭവിക്കുകയും ആഘോഷിക്കുകയും ചെയ്തിട്ടും സ്വന്തമായി ഒരുണ്ണിയോ ഒരുമ്മയോ ലഭിക്കാതെ പോയവൻെറ വേദന അയ്യപ്പൻെറ കവിതകളിൽ പലപാട് കടന്നുവന്നിട്ടുണ്ട്. 'കറുപ്പ്', ചിത്തരോഗാശുപത്രിയിലെ ദിനങ്ങൾ എന്നിവ ഈ വേദന ഏറ്റുവാങ്ങുന്നു. പ്രണയത്തിൻെറ വസന്തകാലം കൊഴിഞ്ഞു വീഴുന്നത് അറിയുകയും അംഗീകരിക്കുകയും ചെയ്യുന്നുണ്ട്കവി. അതിൽ സ്വന്തം ചോരപടരുന്നത് അറിയാതെ പോകുന്നുമില്ല. ഒപ്പം ഇന്നിൻെറ ധർമ്മസങ്കടങ്ങളത്രയും അതിലുണ്ട് താനും. കവിയുടെ ചങ്കിൽ കിനിയുന്ന ചോരയുടെ ഗന്ധം

നിറഞ്ഞിരിക്കുന്നതിനാലാണ് ആകവിത ഒരു വേനൽ മഴ പോലെ നമ്മുടെ നെഞ്ച് പൊള്ളിക്കുന്നത്. സ്വന്തമായി ഈടുവെപ്പുകൾ ഒന്നുമില്ലാതെ ജീവിതം തീർന്നു പോകുന്നവൻെറ ഉള്ളുരുക്കം അയ്യപ്പൻെറ കവിതയ്ക്ക് ലോലമായൊരു തലം പകരുന്നുണ്ട്.ഗന്ധകപ്പാല പോലെ സുഗന്ധം പരത്തേണ്ട ജീവിതം ഇരുട്ടിലാക്കിയവന് ശാപത്തിന്റെ അഗ്നി കവി ചോദിച്ചുവാങ്ങുന്നു.ആഘോഷങ്ങളിൽ കവി ഒരേ സമയം കോമാളിയും ബലി മൃഗവുമായി മാറുമ്പോൾ ഉള്ളു വെന്ത നീറ്റൽ ആസ്വാദക ഹൃദയം ഏറ്റുവാങ്ങുന്നു.

സിന്ധു. ടി.കെ

**എച്ച് എസ്സ് ടി**

മലയാളം

# WORRIED WONDERS

# IN THE SKY



I saw the sunset , in the reddish-

gracious sky Were the sun was told us Bye-Bye

The birds were going to their nest.

The people were stop their jobs and

going to their home

The dusk were ready to accept the

night

The sky was dark now , And

stars and moon were spread in the sky.

It was rise from the sky.

It was glittering in the sky.

The sun was worried  , because

it is not saw the moon and

the moon was worried , because

it is not saw the sun

Neeraj .k v

IX-C

# <u>പൂവ്</u>



പൂവേ പൂവേ പോവല്ലേ............
പൂന്തെന്നലും വന്നു വിളിച്ചാൽ പോവല്ലേ
പുലരിപ്പൂത്തുമഴയിൽ ഇതളുപൊഴിക്കല്ലേ
പൂവേ പൂവേ പോവല്ലേ............
പുതുമണ്ണിനു ചൂടാനൊരു പൂവിതളു നൽകല്ലേ
പൂവേ പൂവേ പോവല്ലേ...........
വെള്ളി നിലാവിലലിഞ്ഞ് ഈ പുഞ്ചിരി മായ്ക്കല്ലേ....
പൂവണ്ടിൻപ്രണയം പൊള്ളാണേ................
നിന്നോടുള്ള പൂവണ്ടിൻ പ്രണയം പൊള്ളാണേ...
അത് പൂന്തേൻ നുണയാൻ വന്നതാണേ
പൂവേ പൂവേ പോവല്ലേ............
നിന്നെകാണാനെന്നും കൊതിയാണേ..
എനിക്കു നിന്നെ കാണാനെന്നും കൊതിയാണേ......
പൂവേ പൂവേ പോവല്ലേ............
നിൻ പുഞ്ചിരിയെന്നും വിടരണേ...
നിൻ പുഞ്ചിരിയെന്നും മായരുതേ...
പൂവേ പൂവേ കൊഴിയല്ലേ.............
പൂവേ പൂവേ പോവല്ലേ...........


അക്ഷര കെ
9 സി



# അമ്മ

കണ്ണായിരുന്ന അമ്മ പിന്നീട്
കണ്ണിലെ കരടായി മാറി
മുലപ്പാലിൻെറയും മാറിലെ ചൂടിന്റെയും ,
ലാളനയുടെയും കടം വീട്ടിയയച്ച
വൃദ്ധസദനമെന്ന പുരാവസ്തു കേന്ദ്രത്തിലേക്ക്

കണ്ണും പിന്നീട്
കണ്ണിലെ കരടുമായമ്മയുടെ
കണ്ണിലേക്ക് മരണമരിച്ച കേറുമ്പോഴമാ
പുരാവസ്തുവിൻെറ കണ്ണുകൾ തേടുന്ന
മനുഷ്യത്വമില്ലാത്ത പൊന്നോമനകളെ.

ഫാത്തിമത്തുൽ സഹല
10 സി

# പുഴുപല്ല്



വാസുവിനെപ്പോഴും
വായില് മിഠായി
നീട്ടും നാവിൻമേൽ
കാട്ടും മിഠായി
മറ്റുള്ളോർക്കെല്ലാം
കിട്ടില്ലൊരു നുള്ളും
തെല്ലുകഴിഞ്ഞപ്പോൾ,
പല്ലു പുഴുപ്പല്ലായ്
വായ തുറക്കാനും
വാസുവിനൊരു നാണം
പാരം മധുരിച്ചാൽ
പല്ലിനു കേടല്ലോ.

വന്ദന കെ
9 എ

# JAWAHAR  LAL  NEHRU

Jawaharlal Nehru was born on 14$^{th}$ November in 1889. His father's name is Mothilal Hehru .  Pandit Jawaharlal Nehru was an Indian independance activist and subsequently the first Prime minister of India and a central figure in Indian politics before and after independence.  His father's name is Mothilal Hehru . He died 27 May in 1964 in New Delhi.

# पयारा दोस्त



ऐक हाथी था। वह एक घने जगल में रहता था। वह बहुत अकेला था ।उसें कोई दोस्त था परिवार नही था।

एक दिन वह अपनेलिए एक दोस्त ढूँढने को निकल पडा । रास्ते में वह एक मेरा को देखा। वह एक पेड के निचें खाना ढूद रही थी ।हाथी नें मोर सें पूछा क्या तुम मेंरे दोस्त बनेंगें। मोर ने गरव सें कहा। नहि। तुम वहुत मोटे और बदसूरत हो। तुम मेंरि जैसी सुदर पक्षि की दोस्त नही बन सकें। यह सुनकर हाथी को दुखी हुआ और चल पडा ।

थोडी देर चलनें के बाद वह एक घरगोश को देखा। वह खरगोश सें पूछा। क्सा तुम मेंरे दोस्त बन सतकें हो। कभीनही खरगोश नें जवाब दिया और कहा। तुम बहुत बडें हो। अगर मै तुम्हारि पैर के नीचें फस गया तो मै जिदा नही बचूँगा। यह सुनकर हाथी दुखी हुआ और चल पडा।

चलतें चलतें वह एक पेट के नीचें पहूँच गया। तक पेड में एक बदर बैठकें रहा था ।हाथी नें बदर सें पूछा। क्या तुम मेंरे दोस्त बनेंगें यह सुनकर बदर को बहुत हसी आई। वह हसतें हुए कहा। क्या तुम मेरी तरह पेड में चद सकतें हों। मुझें ऐसें दोस्त नही चाहिए जो पेड में नही चल सकतें। यह सुनकर हाथि फिरसें दुखी होकर और चल पडा।

वह एक पेड के नीचें बैठ गया और रोनें लगा। अचानक वह पक्षियो के चिल्लानें की आवाज सुनी। साथ साथ मोर,खरगश और बदर भागतें हुए नजर आया हाथी उनसें पूछा। तुम क्यो भाग रहें हो एक शेर हमें खानें केलिए पीचें आ

रहा है। उनहोनॆ कहॆ।तबतक शेर उनकॆ पास आ चुका था।हाथी हिम्मत सॆ शोर कॆ सामनॆ घटा हो गया और मोर खरगोश और बदर खुशी सॆ नीचनॆ लगा।वह हाथी सॆ माभि माँगतॆ हुए कहा।हमॆं माफ करो. हमनॆ तुमॆं बहुत दुखी बनाया आज सॆ तुम हमारॆ सच्चॆ दोस्त हो।यह सुनकर हाथी को बहुत खुशी हुई।मोर, खरगोश और बदर को समझ आया कि जो मुशकिल मॆंअपनॆ सात दॆता है वह ही अच्चॆ दोस्त होता है। सिर्फ बाहरी सौन्दर्य सॆ हमॆं किसी को समचना नही चाहिए।

अतुल ऐऩ

9 बि

# പ്രവേശനോത്സവം




# ശ്രദ്ധ ഉദ്ഘാടനം









## തുമ്പൂർമുഴി ഉദ്ഘാടനം



## SPC UNIT



<u>JRC</u>








# ലിറ്റിൽ കൈറ്റ്സ് സ്കൂൾതല ക്യാമ്പ് ഉദ്ഘാടനം





## അമ്മ



അമ്മ ആ വാക്ക് കേൾക്കാൻ ഇഷ്ടം
അമ്മ എന്ന് വിളിക്കാൻ ഇഷ്ടം
സ്നേഹക്കടലാണ് ആമ്മ
അമ്മ ഇല്ലാത്ത ഒരു ജീവിതം
ഓർക്കാൻ പോലും ആകുന്നില്ല
എത്രയൊക്കെ വഴക്ക് പറഞ്ഞാലും
കളങ്കമില്ലാത്ത ഒരിറ്റ് സ്നേഹം
കിട്ടണമെങ്കിൽ അതിന് അമ്മ തന്നെ വേണം

അനശ്രീ എ
9 എ

--------

## A FRIDAY MORNING



It was a friday morning . Varun wake up at 5.30. It was raining still. Varun looks to the next bed. His mother was sleeping queietly. She was bed ridden after the death of her husband. He died in an accident two years back. In that shock Varun's mother went to bed. They have a small house which is roofed with plastic. Varun is only one who wanted to lookafter his mother. He worked for their food and medicines.

Now he was going to then tea shop where he was working. The tea shop owner was very lovely to him. He helps him to buy medicine. Varun works in the tea shop 6.30 to 9.00 in the morning and 4.30 to 8.30 in evening. He works hard and got some money whole days. He got the morning -evening food from the tea shop. He takes them to the house and would give them to his mother. They would share it each other. At that time his mother would cry by thinking about her son's hardwork.

Varun was studying in $6^{th}$ standard. A well studying boy. He got A+ in every subjects. His ambition is to become a doctor to treat the patients like his mother. But every day morning,his teacher will be angry to him. Because every day he will be late in the class. They don't know that he was going to work in the morning.

Now he was in tea shop. Today it was happiest day to him. His wants an operation to be back. It was costly. Varun was working for his mother's operation. Now it is almost. The

operation costs 2,00,000/- now it is 18,000. rest of moneythe tea shop owner would give the owner helps him to take her to the hospital. So Varun takes a leave in school. He was so happy because his mother was going to come back to the life.

When the returning time to his house he runs fastly. He says to everyone in the way about the operation. Every people knows him. They gives him good luck. He runs fastly. When he reached his home back, he calls his mother. But no reply. He went into the house and called more times. No reply. Varun looked his mother. She didn't wakeup yet. He shooked her more times. She realized that,she would die. He knelt in the floor. He won't cry. Suddenly some tear drops ran through his cheek .

ALEENA T J
10 C

## കേരളഭൂമി



ഹരിതചാരുതയിൽ നീന്തിത്തുടിക്കും
ഒരു പുണ്യധരണിയാം മമകേരളം

കേരവൃക്ഷം പൂത്തുലയും കുളി-
രേകും സഹ്യൻെറ മടിയിൽ തലചായ്ച്ചുറങ്ങും
നിളയും പെരിയാറും കളകളനാദം മുഴക്കും
കാവ്യകൈരളിയാണെൻ കേരളം
കുഞ്ചനും തുഞ്ചനും ചെറുശ്ശേരിയും
കൊഞ്ചിക്കളിച്ച നാടാണിത്
തുമ്പയും തുളസിയും പൂത്തുനിൽക്കും
സസ്യശ്യാമള ഭൂമിയാണെൻ കേരളം
നാടൻ കലകളും നാടൻ കളികളും സമ്പന്നമായൊരു
മലയാളനാടാണെൻ കേരളം
ഒരു സുന്ദരനാടാണെൻ കേരളം

നിത്യവസന്തമാം മലയാളഭാഷയും
സത്യമാം മണ്ണിൽ വീണലയിക്കുന്നു
തുമ്പയും തുളസിയും പൂത്തുനിൽക്കും
സസ്യശ്യാമള ഭൂമിയാണെൻ കേരളം
നാടൻ കലകളും നാടൻ കളികളും സമ്പന്നമായൊരു
മലയാളനാടാണെൻ കേരളം
ഒരു സുന്ദരനാടാണെൻ കേരളം

മധുരിക്കും കവിതതൻ നിസ്വനം

പൂത്തുലയുന്ന ഈ മണ്ണിൽ
തുമ്പയും തുളസിയും പൂത്തുനിൽക്കും
സസ്യശ്യാമള ഭൂമിയാണെൻ കേരളം
നാടൻ കലകളും നാടൻ കളികളും സമ്പന്നമായൊരു
മലയാളനാടാണെൻ കേരളം
ഒരു സുന്ദരനാടാണെൻ കേരളം

-ഹർഷ പി

8 എ

# അമ്മ



ഇഷ്ടങ്ങൾ കൊണ്ടൊരു കൂടൊരുക്കി നമ്മൾ
മൺകുടിൽ മുറ്റത്തെ പൂമരക്കൊമ്പിൽ
അമ്മച്ചിറകിലൊതുക്കിക്കഴിയുമ്പോൾ
ജീവിതമെത്രമനോഹരമെന്ന്
പുഞ്ചിരിതൂകുന്ന പൂനിലാവേ നീയെൻ
അമ്മതൻ താരാട്ടുകേൾക്കാറില്ലേ?
അമ്മ മടിത്തട്ടിൽ ചാഞ്ഞുറങ്ങീടുമെൻ
കുഞ്ഞുമുഖം നീ കാണാറില്ലേ
സൂര്യതാപത്താൽ വെന്തുരുകീടുന്നോ
രമ്മതൻ ദൈന്യത കാണുന്നില്ലേ
കണ്ണീരുപോലും വറ്റിവരണ്ടോ
രമ്മതൻ തേങ്ങൽ നീ കേൾക്കുന്നില്ലേ
ആകാശമുറ്റത്ത് കൊട്ടാരം കെട്ടുന്നോ
രമ്മതൻ മക്കളെ കാണുന്നില്ലേ
വാനോളമെത്രമേൽ പാറിപ്പറന്നാലും
അമ്മതന്നുള്ളം കണ്ടിടേണം നമ്മൾ
അമ്മതന്നുള്ളം കണ്ടിടേണം.

ശ്രദ്ധ.കെ

8 എ



## ഒത്തൊരുമയുടെ അതിജീവനം

രണ്ടായിരത്തി പതിനെട്ടിൽ കേരളം നേരിട്ട മഹാപ്രളയം. മലയാളികളുടെ കഴിഞ്ഞ ഒരു വർഷത്തെ അതിജീവന ശ്രമങ്ങളുടെ ദൂരവും വേഗവും വിമർശനത്മകമായി വിശകലനം ചെയ്യേണ്ട അടിയന്തിരസന്ദർഭമാണിത്.

അഞ്ഞൂറിലേറെ പേർക്ക് ജീവൻ നഷ്ടപ്പെട്ട നൂറ്റാണ്ടിലെ മഹാപ്രളയത്തിൽ അനേകം പ്ർക്കു പരിക്കേൽക്കുകയും നിരവധിപേരെ കാണാതാവുകയും ചെയ്തു. ഒരു ദിവസം മരിച്ചത് 31 പേരാണ്. സംസ്കരിക്കാനാളില്ലാതെ മൃതദേഹം ഒഴുകിനടന്നു. കന്നുകാലികളടക്കം ആയിരക്കണക്കിനു വളർത്തുമൃഗങ്ങൾ ചത്തൊടുങ്ങി. പതിനായിരക്കണക്കിനു ഹെക്ടർ സ്ഥലത്തെ കൃഷിഭൂമിയാണ് ഒറ്റയടിക്കു നശിച്ചത്. സംസ്ഥാനത്തൊട്ടാകെ 215 സ്ഥലത്താണ് പ്രളയകാലത്ത് ഉരുൾപൊട്ടിയത്. പ്രളയം നീണ്ടുപോയ കുട്ടനാട്ടിൽ 99 ശതമാനം ആളുകൾക്ക് തങ്ങളുടെ വീടുകളിൽ നിന്നും 90 ദിവസത്തിലധികം വിട്ടുനിൽക്കേണ്ടിവന്നു. കേരളത്തിലുടനീളം നാലായിരത്തോളം ക്യാമ്പുകളിലായി എട്ടുലക്ഷത്തിലധികം പേർ ജലം കൊണ്ടു മുറിവേറ്റു കിടന്നു. സർക്കാരിൻെറ ഔദ്യോഗിക കണക്കനുസരിച്ച് 55 ലക്ഷം പേരും പ്രളയം നേരിട്ടു ബാധിച്ചു. കേരളത്തിൻെറ അഞ്ചിലൊന്നു ഭാഗം

വെള്ളത്തിനടിയിലായി. പതിനായിരക്കണക്കിനു കിലോമീറ്റർ റോഡ് തകർന്നു. മൊത്തം 26,000 കോടി രൂപയുടെ നഷ്ടമുണ്ടായി

4700 കോടിയുടെ അടിയന്തിര സഹായമാണ് കേരളം കേന്ദ്രത്തോടു ചോദിച്ചതെങ്കിലും ആദ്യഗഡുവായി അനുവദിച്ചത് 600 കോടി രൂപമാത്രമാണ്. ദേശീയദുരന്തമായി പ്രഖ്യാപിക്കണമെന്ന ആവശ്യവും നിരാകരിക്കപ്പെട്ടു. വിദേശത്തുപോയി പിരിക്കാനുള്ള അനുവാദം കൂടി നിഷേധിക്കപ്പെട്ടപ്പോൾ സംസ്ഥാന സർക്കാരിൻെറ പ്രളയ പുനരധിവാസപരിപാടിയുടെ താളം തെറ്റി. കേന്ദ്ര സർക്കാർ പിന്നീട് അനുവദിച്ച 3048.39 കോടി രൂപയും അടുത്ത രണ്ടുവർഷത്തേക്ക് പ്രളയസെസ് പിരിക്കാനുള്ള അനുവാദമുൾപ്പെടെ ഏതാനും ചില വാഗ്ദാനങ്ങളുമായി പ്രധാനസഹായം അവസാനിച്ചപ്പോൾ നവകേരളമെന്ന സ്വപ്നപദ്ധതിയിൽ ഒത്തുതീർപ്പുകളുണ്ടായി.വെള്ളമിറങ്ങി ശവപ്പറമ്പായി മാറിയ ദുരിത മേഖലകളെ പ്രതീക്ഷയുടെ പച്ചയണിയിക്കാൻ മുന്നിൽ നിന്നത് ക്രൈസ്തവസഭയും മറ്റു സന്നദ്ധസംഘടനകളുമായിരുന്നു. പ്രളയകാലത്തിൻെറ പുനരധിവാസപ്രവർത്തനങ്ങൾക്കായി വിവിധകത്തോലിക്കാരൂപതകളുടെ നേതൃത്വത്തിൽ കേരളസഭ ചിലവിട്ടത് 300 കോടിയിലധികം രൂപയാണ്. 'കാരിത്താസ്' ഇന്ത്യയുടെ മേൽനോട്ടത്തിൽ നടത്തപ്പെട്ടതും ചില ഇടവകകളും സ്ഥാപനങ്ങളും വ്യക്തികളും പ്രത്യേകമായി നടത്തിയ വാസ പരിപാടികൾക്കും പുറമേയാണിതെന്നോർക്കാം. ദേവാലയങ്ങളും വിദ്യാലയങ്ങളുമുൾപ്പെടെ സഭയുടെ എല്ലാ സംവിധാനങ്ങളും ദുരിതാശ്വാസക്യാമ്പുകൾക്കായി തുറന്നു കൊടുത്തു. ഇടവകകളിലെ

യുവജനക്കൂട്ടായ്മകൾ പങ്കുവയ്പ്പിൻെറ പ്രായോഗികശാസ്ത്രത്തെ പ്രളയപരിസരങ്ങളിൽ പരിപാകപ്പെടുത്തി. വൈദികരുടേയും സിസ്റ്റേഴ്സിൻെറയും മേൽനോട്ടത്തിൽ പ്രവർത്തിച്ചിരുന്ന നൂറുകണക്കിനു ക്യാമ്പുകളിൽ ജാതിമതഭേദമന്യേ മനുഷ്യനായും മലയാളിയായും പരസ്പരം തിരിച്ചറിഞ്ഞു. അതാതു രൂപതകളിലെ സാമൂഹ്യസേവന വിഭാഗത്തിൻെറ നേതൃത്വത്തിൽ നടന്ന ചിട്ടയായ പ്രവർത്തനങ്ങൾ സർക്കാർ സംവിധാനങ്ങളെ കുറച്ചൊന്നുമല്ല സഹായിച്ചതും ഏകോപിപ്പിച്ചതും. ഇപ്പോഴും പ്രളയകാരണങ്ങളെ കുറിച്ചുള്ള ചർച്ചകളിൽ ഭരിപക്ഷവും പ്രതിപക്ഷവും കുരുങ്ങിക്കിടക്കുമ്പോൾ അതിജീവനത്തിൻെറ അടുത്ത ഘട്ടത്തിലേക്ക് പ്രവേശിക്കുകയാണ് സഭയുടെ നേതൃത്വത്തിലുള്ള പുനരധിവാസപ്രവർത്തനങ്ങൾ.

സമവായ ചർച്ചകളിലൂടെയും വിദഗ്ദസമിതിറിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളിലൂടെയും ഉരുത്തിരിയുന്ന പദ്ധതികൾ വ്യക്തമായ ദിശാബോധത്തോടെ സമയബന്ധിതമായി നടത്താനുള്ള ശേഷിയുണ്ട്. പരിമിതികളിൽ പരിഭ്രമിക്കാത്ത ഇച്ഛാശക്തിയുള്ള രാഷ്ട്രീയനേതൃത്വം തന്നെയാണ് നവകേരളത്തിൻെറ അടിസ്ഥാന പ്രേരകം.

'നവകേരളം നന്മനിറഞ്ഞകേരളം'

-ഗോകുൽ കെപി

10 ബി



## തട്ടാത്തിപ്പെണ്ണിന്റെ കല്യാണം-ആസ്വാദനം

സാധാരണ മനുഷ്യന്റെ ജീവിതം തന്റെ ത്തൂലികയിൽ മനോഹരമാക്കുന്ന മയ്യഴിപ്പുഴയുടെ തീരത്ത് വളർന്നുവന്ന എം.മുകുന്ദന്റെ ഒരു ചെറുകഥയാണ് 'തട്ടാത്തിപ്പെണ്ണിന്റെ കല്യാണം'.

ദരിദ്രനായ പൊന്നുപണിക്കാരന്റെ ദയനീയാവസ്ഥയാണ് കഥയിൽ വിവരിക്കുന്നത്.തട്ടാൻ ,തട്ടാത്തി ,മകൾ ,എന്നിവരടങ്ങിയ കുടുമ്പത്തിൽ ചർ ച്ചാവിഷയമാണ് 'തട്ടാത്തിപ്പെണ്ണിന്റെ കല്യാണം'. വീട്ടിൽ മാത്രമല്ല നാട്ടിലും . നാട്ടുകാർ ചോദിക്കുമ്പോഴും തട്ടാൻ ഓരോ അവധി പറഞ്ഞ് ഒഴിഞ്ഞുമാറി.

കാലം കുറെ കഴിഞ്ഞു .തട്ടാന്റെ പെണ്ണ് എങ്ങനെ പൊന്നില്ലിതെ കല്യാണം കഴിക്കും  എന്ന വിഷമത്തിലാണ് അവരെല്ലാം. പൊന്നില്ലാത്തവൾക്കാര് ചെറുക്കനെ കൊടുക്കാൻ?അവസാനം സഹികെട്ട് തട്ടാൻ മോഷണം എന്ന വാതിലിന്റെ മുമ്പിലെത്തുന്നു .

തട്ടാൻ മനസില്ലാമനസോടെ ആവാതിൽ തുറക്കുന്നു.അങ്ങനെ ധനികനായ ആയിരം വീട് മൂപ്പന്റെ വീട്ടിൽ കാക്കയായി വേഷംമാറി പോയി താൻ തന്നെ പണിത മാല മോഷ്ടിക്കുന്നതാണ് കഥാന്ത്യം .

ഒരു സുമനസിനെ മോഷ്ടാവാക്കുന്ന സാഹചര്യം കഥയിൽ കാണാം.തട്ടാത്തിയുടെ നിർബന്ധപ്രകാരം മനസില്ലാമനസോടെയാണ് തട്ടാൻ ഈ കൃത്യം ചെയ്യുന്നത്.

അക്കാലത്തെ ദാരിദ്ര്യാവസ്ഥയും കഥയിൽസൂചിപ്പിക്കുന്നു . ഹൃദ്യമായ വാക്കുകളിലൂടെയാണ് എം .മുകുന്ദൻ കഥയെ അവതരിപ്പിച്ചിരിക്കുന്നത് .അദ്ദേഹത്തിന്റെ ആഖ്യാനവൈഭവത്തിന്റെ ഒരു തെളിവാണ് ഈ ചെറുകഥ .

**- ദേവാംഗന .ടി .പി .വി**

**9 സി**

# അമ്മ

അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ നമ്മുടെ ജീവന്റെ ജീവാ മൃതം.

അമ്മയാണെന്റെ മാതൃഭാഷ അമ്മയാണെന്റെ സ്നേഹജാലം.

എന്തുകുറുമ്പുകൾ കാട്ടിയാലും,എല്ലാം ക്ഷമിച്ചിട്ട് മാപ്പ് തരും.

അമ്മതൻ അമ്മിഞ്ഞപ്പാലിനുമപ്പുറം എന്തുണ്ട് ഭൂമിയിൽ പാലമൃത്.

മുറ്റത്തെ പൂക്കളത്താളിൽ ഓർക്കുന്ന ഞാൻ

എൻ അമ്മതൻ പുഞ്ചിരിയാർന്ന മുഖം.

പ്രകൃതിതൻ നീലിമ സൗന്ദര്യത്തിൽ

മുഴങ്ങുന്ന അമ്മതൻ മാതൃസ്നേഹം.

ജീവിതത്തിലുടനീളം പ്രത്യാശയായി എങ്ങുമെൻ അമ്മ കൂടെയുണ്ട്.

ജീവിതത്തിന്റെ നേർവഴി കാട്ടി എങ്ങും നിറഞ്ഞിടും മാതൃസ്നേഹം.

ജീവിതത്തിന്റെ ഇരുട്ടകറ്റി വെളിച്ചം പകർന്നിടും സ്നേഹജാലം .

ഇങ്ങനെയുള്ളൊരു രണ്ടക്ഷരമാണ് ജീവിതത്തിന്റെ വഴികാട്ടി.

അശ്വതി.ആർ

8-ബി

## നമുക്കും ചെയ്യാനുണ്ട്.............



പുത്തൻ പരിഷ്കാരങ്ങളിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ് നമ്മുടെ കേരളം. കേരളത്തെ പുതു നവകേരളമാക്കിവാർത്തെടുക്കുന്നതിൽ കുട്ടികൾക്ക് ഗണ്യമായ പങ്ക് വഹിക്കാനാകും.

നമ്മുടെ കേരളം ഇന്ന് അഭിമുഖീകരിക്കുന്ന പ്രതിസന്ധികളെ മറികടക്കുക എന്നതാണ് നവകേരള സൃഷ്ടിയുടെ ആദ്യപടി. കുട്ടികളുടെ പങ്കാളിത്തത്തിലൂടെ ഈ പ്രവർത്തനങ്ങൾക്ക് വേഗതയേറും. സാമൂഹികമായ ഒട്ടേറെ പ്രശ്നങ്ങൾ നമ്മുടെ കേരളീയ സമൂഹത്തിൽ അരങ്ങേറുന്നുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും കൊലപാതകങ്ങളും അവയിൽ ചിലതാണ്. കൂടാതെ ലഹരി വസ്തുക്കളുടെ പ്രചരണവും കേരളം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ്. ഇതിനെതിരെ കുട്ടികൾക്ക് ഏർപ്പെടാവുന്ന പ്രവർത്തനങ്ങൾ അനവധിയാണ്. ലഹരിവിരുദ്ധ ജാഥകളും പോസ്റ്റർ പ്രചരണവും വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ബോധവൽക്കരണക്ലാസ്സുകളും സംഘടിപ്പിക്കാവുന്നതാണ്. മാലിന്യസംസ്കരണമാണ് കേരളം നേരിടുന്ന അടുത്ത വെല്ലുവിളി ഉറവിടമാലിന്യസംസ്ക്കരണം നാം പ്രോത്സാഹിപ്പിക്കണം. സ്കൂളിൽ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനായി പ്രത്യേകം സൗകര്യങ്ങൾ ഏർപ്പെടുത്തണം.

കേരളസർക്കാരിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങളുടെ ഭാഗമായി നഗരസഭാതലത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി പ്രത്യേകം ആളുകളെ നിയമിച്ചിട്ടുണ്ട്.ജൈവമാലിന്യങ്ങൾ ബയോഗ്യാസിനായി ഉപയോഗപ്പെടുത്തുന്നപ്രവർത്തനത്തിൽ കുട്ടികൾക്ക് പ്രധാന പങ്കുവഹിക്കാനാവുന്നതാണ്. ഈ കാര്യത്തിൽ കുട്ടികൾ രക്ഷിതാക്കൾക്ക് പ്രോത്സാഹനം നൽകാനും സാധിക്കും.

നമ്മുടെ കേരളത്തെ നവകേരളമാക്കി വാർത്തെടുക്കുക എന്നതാണ് നമ്മളേവരുടേയും ലക്ഷ്യം. മുതിർന്നവരുടെ മാത്രമല്ല കുട്ടകളുടെയും ഒത്തൊരുമയോടെയുള്ള പങ്കാളിത്തത്തിലൂടെ മാത്രമേ നവകേരളമെന്ന നന്മയുടെ കേരളമെന്ന നമ്മുടെ സ്വപ്നം സാധ്യമാകു. NCC, SPC പോലുള്ള പദ്ധതികളിലൂടെ കുട്ടികളിൽ സാമൂഹ്യബോധം സൃഷ്ടിക്കാൻ സാധിക്കും. അങ്ങനെ കുട്ടികളുടെ പങ്കാളിത്തത്തിലൂടെ നവകേരളത്തിനായുള്ള പ്രവർത്തനങ്ങൾക്ക് മാറ്റുകൂട്ടാൻ കഴിയും.

ഗോകുൽ കെ പി

**10 ബി**

# അന്യ



അന്യ ഞാനിന്നേവർക്കുമന്യ
കിന്നാരം ചൊല്ലുമെൻ
പുല്ലാങ്കുഴലിനും ഞാനന്യ
മുറ്റത്തുനിൽക്കുമെൻ ചക്കരമാവിനും
മന്ദമായ് തഴുകുന്ന കുഞ്ഞിളം കാറ്റിനും
കാട്ടുചോലയ്ക്കുമിന്നു ഞാനന്യ
കാറ്റിലാടുന്ന കുഞ്ഞരളിക്കും
വെയിലേറ്റുവാടുന്ന പൊന്നിളം പൂവിനും
പൂന്തേനരുവിക്കുമന്യ
തഴുകുമ്പോൾ കമ്പുന്ന തൊട്ടാവാടിയും
പുൽകൊടി തുമ്പത്തെ മഞ്ഞുകണങ്ങളും
ഇന്നെന്നെകാണുമ്പോളകന്നു
മാറുന്നു
മക്കളെ പുൽകി വളർത്തുന്ന ധരണിയും
ഇന്നെന്നെ അന്യയായ് മാറ്റിനിർത്തി
ഇതിനായ് ഞാനെന്തു പാപം ചെയ്തു
വെന്നൊരു വേള ഞാൻ തന്നെ ചോദിക്കുന്നു
ഇത്തരം ചിന്തകൾ കൊണ്ടെന്റെ ചിത്തവും
അന്യനായ് പോകാൻ തുടങ്ങീടുന്നു
അതിനായ് ഞാനെന്റെ പ്രാണനുമിന്നുയീ
അനശ്വര ലോകത്ത് അന്യമാക്കി

**ശിവലയ കെ കെ - 9 ബി**



## വാർദ്ധക്യം

വാർദ്ധക്യം അതൊരു ബാല്യമാകുന്നു
വ്യക്തിയും രണ്ടാം ബാല്യവും
പോയകാലസ്മരണയിൽ മുഴുകുമ്പോൾ
നഷ്ടബോധമ നിഴലിക്കുമെപ്പൊഴും
ബാല്യകൗമാരയൗവനങ്ങൾ കീഴടക്കി
വാർദ്ധക്യത്തിൻ ഉന്മാദത്തിന്റെ
അങ്കണത്തിൽ.....
മക്കളില്ല ഉണർവില്ല തേജസ്സില്ല
എല്ലാം കൊഴിഞ്ഞുപോയ ഇലകൾ മാത്രം
ആകെ ശൂന്യതയാൽ സമുചിതം
പിന്നെയോ
ഒറ്റപ്പെട്ട മനസ്സുമായി ഏകയും...
തന്റെ അന്ത്യം സ്വപ്നം കണ്ട്
ചുരുണ്ടു കിടക്കുകയാണവളെപ്പൊഴും
ലാളന മറക്കും മക്കളുടെ ദുഷ്-
വചനങ്ങളും ആവലാതികളും.

ആര്യ രമേഷ്
9 ബി



## അമ്മൂമ്മയും അമ്മുവും പിന്നെ തിക്കുരുവിയും

ഒരു ഗ്രാമത്തിൽ ഒരു അമ്മൂമ്മയും അവരുടെ പേരക്കുട്ടിയും ഉണ്ടായിരുന്നു.ഇരുവരും ഒരുമിച്ചാണ് താമസം .ധാരാളം പച്ചക്കറി കൃഷി ചെയ്യുമായിരുന്നു അമ്മൂമ്മ.അതിനൊക്കെ അമ്മു നന്നായി പരിപാലിച്ചിരുന്നു.അങ്ങനെ ഒരു ദിവസം പതിവ് പോലെ അമ്മൂമ്മയ്ക്ക് യാത്രപറഞ്ഞ് സ്കൂളിലേക്ക് പോകുകയായിരുന്നു.അങ്ങനെ അമ്മു വൈകുന്നേരം വീട്ടിലെത്തിയപ്പോൾ അമ്മു കണ്ട കഥ!അമ്മുവിന്റെ വീട്ടിനുമുറ്റത്ത് ചെറുചെടിയിൽ കുരുമുളക് വള്ളി അമ്മൂമ്മ നട്ടിരുന്നു. നിറച്ചും കായകളും അതിൻമേൽ ഉണ്ടായിരുന്നു. അതിനെ അമ്മൂമ്മ നന്നായി പരിചരിച്ചു വരികയായിരുന്നു. അതിനിടെ ഒരു ഭംഗിയുള്ള തീകുരുവി എന്ന പേരുള്ള പക്ഷി അതിൻമേൽ കൂടുകൂട്ടി. അതിനെ നിരന്തരം അമ്മു നിരീക്ഷിച്ചുകൊണ്ടിരുന്നു. തൻെറ വീട്ടിലെ അതിഥിയെപോലെ അമ്മു പരിചരിച്ചു. ഈകാര്യം അമ്മു അമ്മൂമ്മയോട് പറഞ്ഞില്ല. കാരണം കുറച്ചുദേഷ്യപ്പെടുന്ന വിഭാഗത്തിലാണ് അമ്മൂമ്മ. ആ കുരുവിയുടെ കൂട് നശിപ്പിക്കാൻ മുതിരുകയാണ് അമ്മൂമ്മ. അമ്മു അത് തന്നാൽ കഴിയും വിധം തടഞ്ഞു. "കുറച്ചുവൈകിയിരുന്നെങ്കിൽ എൻെറ തീകുരുവി" അമ്മു മനസ്സിൽ പിറുപിറുത്തു. എന്നിട്ട് അമ്മൂമ്മയോട് പറഞ്ഞു. എന്താണ് അമ്മൂമ്മ കാട്ടിയത്,എന്തിനാണ് ആ കൂട് നശിപ്പിക്കുന്നത്. അത് എന്നും അതിൽ താമസിക്കില്ല അമ്മൂമ്മേ. പക്ഷികൾ കൂടുകൂട്ടുന്നത്

താമസിക്കാനല്ല. ഒരു പക്ഷിയും അങ്ങനെ ചെയ്യുകയില്ല അവറ്റകൾ അതിൻെറ വംശത്തെ നിലനിർത്തുകയാണ് ചെയ്യുന്നത്. എന്നുവച്ചാൽ അതിൻെറ കുഞ്ഞുങ്ങളെ വിരിയിക്കാൻ മാത്രം. എന്നാൽ ഒരു കാര്യം പറയട്ടെ മോളെ ? എന്താണ്?നമ്മുടെ വിളകളാണ് അത് നശിപ്പിക്കുന്നത് അതൊന്നും നിനക്ക് പറഞ്ഞാൽ മനസ്സിലാവില്ല. എന്നാൽ ഒരു കാര്യംപറയട്ടെ അമ്മൂമ്മേ

നമ്മൾ മനുഷ്യർ ഒരു വീടെടുക്കാൻ എന്താണ് ചെയ്യുന്നത്, നിരവധി ജന്തുജാലങ്ങളുടെ ആവാസവ്യവസ്ഥയായ പ്രദേശത്തെ മരങ്ങൾ മുറിച്ചിടുന്നു,നശിപ്പിക്കുന്നു,വയൽനികത്തുന്നു ഇതിനുള്ള പ്രശ്നങ്ങൾ നാമിന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്, ഇത്രയും നാൾ നാം പ്രകൃതിയെ ചൂഷണം ചെയ്ത് രസിച്ചു. എന്നാൽ ഇന്ന് പ്രകൃതി നമ്മളോട് എതിരിട്ട് വരികയാണ്. ആ പ്രകൃതിയിൽ ജന്തുജാലങ്ങൾക്കാണ് പ്രസക്തി.അവറ്റകളുടെ ലോകമാണ് പ്രകൃതി.മനുഷ്യർ വെറും അതിഥികൾ മാത്രം . അതൊക്കെ അറിഞ്ഞുകൊണ്ട് വേണം നമ്മൾ മുന്നോട്ട് പോകാൻ. ഇവിടെ മനുഷ്യനല്ല ,നമ്മളല്ലാ,ഞാൻ എന്നാണ് പ്രയോഗിക്കേണ്ടത്.ഇന്ന് അവരുടെ കണ്ണുകളിൽ ഞാൻ ക്രൂരയാണ്.ഈ വാക്യമായിരിക്കും ഇവിടെ ഉചിതം . എന്നാൽ അമ്മൂമ്മ ഇന്ന് നമ്മൾ കാരണം ജന്തുലോകത്തിനുതന്നെ വംശനാശം സംഭവിച്ചിരിക്കുകയാണ്.ഇവരൊന്നുമില്ലെങ്കിൽ നമ്മളില്ല അമ്മൂമ്മേ......എന്നാൽ ഈകുഞ്ഞു തീക്കുരുവി കുന്നു നികത്തിയൊ ,മരം മുറിച്ചൊ ,ഇല്ല അവർ കുടിപ്പോയാൽ രണ്ടാഴ്ച മാത്രമെ ഇതിൽ

വസിക്കുകയുള്ളൂ .മോളേ അമ്മൂമ്മ ചെയ്ത പ്രവൃത്തി തെറ്റാണല്ലെ ഇനി അമ്മൂമ്മയുടെ വശത്തുനിന്ന് ഇത്തരം പ്രവൃത്തികൾഉണ്ടാകുകയില്ല.

അമ്മുവിനെ പോലുള്ള വിദ്യാർത്ഥികളാണ് നാളത്തെ കരുത്ത്. ഇവരാണ് നാടിനെ നയിക്കേണ്ടത്. ഇങ്ങനെ ഓരോ കുട്ടിയും ചിന്തിച്ചാൽ രക്ഷിക്കാവുന്നതേയുള്ളൂ നമ്മുടെ പ്രകൃതിയെ.

സാന്ത്വന.വി.സി
9 സി

## Gandhi

Mohandas Karamchand Gandhi was born on 2 October in 1869,Father of the Nation was the prominent leader of freedom movement in India . Non - violence was the unique weapon he used .His idea's of non-violence truth and peace are relevant even today . His mother's name is Puthaly Bhai and his wife's name is Kasthoorba Gandhi . He was died 30$^{th}$ January in 1948 (aged 79).

Rithika . V. P
9 B